പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2166 **26-10-2026-ൽ മറുപടിയ്ക്ക്**

റൂറൽ എക്കണോമിക്സ് ലക്ചറർ തസ്തികകളിലെ അനോമലി പരിഹരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജൻ. ജെ. പല്ലൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള റൂറൽ എക്കണോമിക്സ് ലക്ചറർ തസ്തികക്കും ലക്ചറർ ഗ്രേഡ്- II റൂറൽ എക്കണോമിക്സ് തസ്തികക്കും വ്യത്യസ്ത ശമ്പള സ്കെയിലാണ് നിലവിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാന യോഗ്യതയും ജോലിസ്വഭാവവുമുള്ള ഈ തസ്തികകളിലെ, വ്യത്യസ്ത ശമ്പള സ്കെയിൽ എന്ന അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

മറുപടി: തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചറർ ഗ്രേഡ്-II (റൂറൽ എക്കണോമിക്സ്) തസ്തിക 22/01/2010-ലെ സ.ഉ (അ) നം. 18/2010/LSGD പ്രകാരം പുറപ്പെടുവിച്ച വിശേഷാൽ ചട്ടങ്ങൾ പ്രകാരം രൂപീകരിക്കപ്പെട്ടതും വകുപ്പിന്റെ അനുവദിക്കപ്പെട്ട തസ്തികകളിൽ ഉൾപ്പെടുന്നതുമാണ്. എന്നാൽ, കിലയിലെ ലക്ചറർ ഇൻ റൂറൽ എക്കണോമിക്സ് (മുൻപ് ഫാക്കൽറ്റി ഇൻ റൂറൽ എക്കണോമിക്സ്) എന്ന തസ്തിക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുവദിക്കപ്പെട്ട തസ്തികകളിൽ ഉൾപ്പെടുന്നതല്ല. പ്രസ്തുത തസ്തിക 24.12.2020-ലെ സ.ഉ (കൈ) നം.201/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കിലയിൽ സ്ഥിരപ്പെടുത്തിയതാണ്. ഈ തസ്തികയുടെ ശമ്പള സ്കെയിൽ 36,600 - 79,200/- രൂപ ആയിരുന്നതും, പിന്നീട് 07.06.2025-ലെ സ.ഉ(സാധാ) നം.94/2025/തസ്വഭവ ഉത്തരവ് പ്രകാരം 51,400- 1,10,300/- രൂപയായി പരിഷ്കരിച്ച് നൽകിയിട്ടുള്ളതുമാണ്.

എന്നാൽ, 2010-ലെ വിശേഷാൽ ചട്ടപ്രകാരമുള്ള ലക്ചറർ ഗ്രേഡ്-II (റൂറൽ എക്കണോമിക്സ്) തസ്തികയ്ക്ക് സ.ഉ(പി)നം.27/2021/ധന നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പള സ്കെയിൽ അനുവദിച്ചിട്ടില്ലെങ്കിലും, സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ശമ്പള വിതരണ സോഫ്റ്റ്വെയറായ സ്പാർക്കിൽ (SPARK) ഈ തസ്തികയുടെ പരിഷ്കരിച്ച ശമ്പള സ്കെയിൽ കൃത്യമായി അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ലക്ചറർ ഗ്രേഡ്-II (റൂറൽ എക്കണോമിക്സ്) തസ്തികയുടെ പരിഷ്കരിച്ച ശമ്പള സ്കെയിൽ 41,300 - 87,000/- രൂപയാണ് (മുൻ ശമ്പള സ്കെയിൽ 29,200 - 62,400/- രൂപ).

എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ജീവനക്കാർക്ക് ബാധകമായ വിശേഷാൽ ചട്ടങ്ങൾ പ്രകാരം, ലക്ചറർ ഗ്രേഡ്-II തസ്തികകളിൽ 5 വർഷത്തെ റഗുലർ സേവന കാലയളവ് പൂർത്തിയാക്കിയവർക്ക് ലക്ചറർ ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. എങ്കിലും, നിലവിൽ ലക്ചറർ ഗ്രേഡ്-II തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഭൂരിഭാഗം ജീവനക്കാർക്കും പ്രൊമോഷൻ നൽകുന്നതിനായി അവരുടെ കാറ്റഗറികളിൽ തുടർന്ന് ലക്ചറർ

ഗ്രേഡ്-I തസ്തികകൾ നിലവിലില്ലാത്തതിനാലാണ് ഇവർക്ക് ഗ്രേഡ്-I പ്രൊമോഷൻ അനുവദിക്കുന്നതിന് തടസ്സം നേരിടുന്നത്.

5 വർഷത്തെ സേവനം പൂർത്തിയാക്കിയ ഗ്രേഡ്-II ലക്ചറർമാർക്ക് ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുക, ലക്ചറർ ഗ്രേഡ്-IIതസ്തികയെ സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വികസന പരിശീലന കേന്ദ്രങ്ങളിലെ ഗ്രേഡ്-II ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാർ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1184/2026 കേസ് ഫയൽ ചെയ്യപ്പെട്ടിരുന്നു. ഈ കേസിലെ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് ഹിയറിംഗ് നടത്തുകയുണ്ടായി. തുടർന്ന് സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി) ലക്ച്ചറർ ഗ്രേഡ് II ജീവനക്കാർക്ക് എന്തെല്ലാം പ്രൊമോഷൻ സാധ്യതകളാണ് ഉള്ളതെന്നറിയിക്കുമോ; ഗ്രേഡ് - II ലക്ച്ചറർമാർക്ക് ഗ്രേഡ് -I പ്രൊമോഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ